⇨ *പിന്നെങ്ങനെയാണ് അവർ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നത്?* ⇨

കൾക്ക് തെരഞ്ഞെടുപ്പിലൂടെ ജനം ഒരു മറുപടി നൽകിയിട്ടുണ്ട്. അസഹനീയമായ ജീവിതാവസ്ഥയ്ക്കെതിരെ പ്രതികരിക്കാനുള്ള ഒരു ആയുധമായി കലഞ്ഞൂരിലെ ജനങ്ങൾ വോട്ടിനെ കണ്ടു. നിരന്തരമായി നടക്കുന്ന സമരങ്ങളിലൂടെ ജനങ്ങൾക്കനുകൂലമായ പല തീരുമാനങ്ങളുമെടുക്കാൻ ഭരണാധികാരികൾ നിർബന്ധിതരായിട്ടുണ്ട്. അനധികൃതമായി പ്രവർത്തിച്ചിരുന്ന എഴുപതോളം ക്വാറികൾ ഈ മേഖലയിൽ അടച്ചുപൂട്ടുകയുണ്ടായി. നാല് ക്രഷർ യൂണിറ്റുകളുടെ അപേക്ഷ ഇപ്പോഴും തടഞ്ഞുവച്ചിരിക്കുകയാണ്. സി.പി.എം നേതാവ് കെ.എൻ. ബാലഗോപാലിന്റെ സഹോദരൻ കലഞ്ഞൂർ മധുവിന്റെ ക്വാറിയടക്കമുള്ള നിരവധി വൻകിട യൂണിറ്റുകൾ ഇപ്പോഴും നിയമങ്ങൾ കാറ്റിൽപ്പറത്തി പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി മാത്രം നൽകിയിട്ടുള്ള പട്ടയഭൂമിയിലാണ് കലഞ്ഞൂർ മധുവിന്റെ ക്വാറി പ്രവർത്തിക്കുന്നത്. റവന്യൂമന്ത്രിയായ അടൂർ പ്രകാശിന്റെ പിന്തുണയോടെ ഈ നിയമലംഘനം നടക്കുന്നത്. അത്തരം അനധികൃത പാറമടകളെല്ലാം പൂർണ്ണമായും അടച്ചുപൂട്ടുന്നതുവരെ ഞങ്ങൾ സമരം തുടരും. ■

# എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസത്തിനായി

**അമ്പലത്തറ കുഞ്ഞികൃഷ്ണൻ**

**(കാസർഗോഡ്, 4996 വോട്ട്)**

**എൻഡോസൾഫാൻ ദുരന്തത്തിന്റെ ഇരകൾക്ക് നീതിലഭിക്കുന്നതിനായുള്ള സമരം സജീവമായി നടക്കുന്ന സമയത്ത് തന്നെയാണ് ലോകസഭാ തെരഞ്ഞെടുപ്പ് ആഗതമായതും താങ്കൾ സ്ഥാനാർത്ഥിയാകുന്നതും. സമരത്തിൽ സ്ഥാനാർത്ഥിത്വത്തിലേക്ക് മാറിയത് എങ്ങനെ അനുഭവപ്പെട്ടു? എൻഡോസൾഫാൻ വിഷയം തന്നെയായിരുന്നോ മുഖ്യം?**

എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ മുൻകൈയിൽ കഴിഞ്ഞ മൂന്ന് വർഷമായി നടക്കുന്ന സമരങ്ങളിൽ ഞാൻ സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു. അതിനിടയിലാണ് തെരഞ്ഞെടുപ്പും വന്നത്. മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ എൻഡോസൾഫാൻ വിപത്തിന്റെ ഇരകളായിത്തീർന്നവർ ഇന്നും ഇവിടെ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇരകളോടുള്ള സർക്കാർ അവഗണന തുടരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് രംഗത്തും ഈ വിഷയം ചർച്ച ചെയ്യപ്പെടണമെന്ന് ഞങ്ങൾ തീരുമാനിച്ചു. എൻഡോസൾഫാൻ ദുരന്തത്തിന്റെ പ്രതിനിധിയായി ഒരാൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചുകൊണ്ട് പ്രചരണം നടത്തുന്നതിനായിരുന്നു തീരുമാനം. അത്തരം ആലോചനകൾ നടക്കുന്ന സമയത്താണ് ആം ആദ്മി പാർട്ടി തെരഞ്ഞെടുപ്പ് മത്സരിക്കാമോ എന്ന് ചോദിച്ചുകൊണ്ട് എന്നെ സമീപിക്കുന്നത്. എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യപ്പെടണം എന്ന ആഗ്രഹത്തോടെയാണ് ആം ആദ്മി പാർട്ടിയുടെ രാഷ്ട്രീയ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഞാൻ തെരഞ്ഞെടുപ്പിൽ പങ്കാളിയാകുന്നത്. എൻഡോസൾഫാൻ വിഷയത്തിൽ ഇടപെട്ടിരുന്ന പരിസ്ഥിതി പ്രവർത്തകരും ഞാൻ സ്ഥാനാർത്ഥിയാകണമെന്ന് പറഞ്ഞു. എന്നാൽ എൻഡോസൾഫാൻ വിഷയം മാത്രമല്ല കാമ്പയിനിൽ ഉന്നയിച്ചത്. വളരെയേറെ പിന്നോക്കം നിൽക്കുന്ന കാസർഗോഡിന്റെ വികസന പ്രശ്നങ്ങളെല്ലാം ജനങ്ങളുമായി സംസാരിക്കാൻ ശ്രമിച്ചു. എന്നാൽ, എൻഡോസൾഫാൻ ഇരകൾക്ക് വേണ്ടി ഞങ്ങൾ നിലകൊണ്ടു എന്ന് പറയുന്ന ഇടത്-വലത് പാർട്ടികളുടെ പൊള്ളത്തരം തുറന്നുകാണിക്കാനാണ് മുഖ്യമായും ശ്രമിച്ചത്. എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസമെന്ന പ്രശ്നം രാഷ്ട്രീയ നേതൃത്വങ്ങൾ ഇനിയും പരിഗണിച്ചിട്ടില്ല. എൻഡോസൾഫാൻ വിഷയത്തിൽ സജീവമായി ഇടപെട്ടു എന്ന് പറഞ്ഞ് പുകമറ സൃഷ്ടിക്കാനാണ് അവർ ശ്രമിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്കായി നബാർഡ് അനുവദിച്ച ഫണ്ട് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയ തുകയാണെന്ന് കളവ് പ്രചരിപ്പിക്കുകയാണ് പി. കരുണാകരൻ എം.പി ചെയ്യുന്നത്. കേന്ദ്ര സർക്കാർ എൻഡോസൾഫാൻ ദുരന്തമുണ്ടായതായി അംഗീകരിച്ചിട്ടുപോലുമില്ല. പിന്നെങ്ങനെയാണ് അവർ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നത്? ഇത്തരം കുതന്ത്രങ്ങളെ പൊളിച്ചുകളയുന്നതിനുള്ള ഒരു വേദികൂടിയായി തെരഞ്ഞെടു



എൻഡോസൾഫാൻ ദുരന്തബാധിതയും എന്നാൽ സർക്കാറിന്റെ ഔദ്യോഗിക ലിസ്റ്റിൽ ഉൾപ്പെടാതെ പോവുകയും ചെയ്ത ഹസീനയുടെ വീട്ടിൽ നിന്നും അമ്പലത്തറ കുഞ്ഞികൃഷ്ണന്റെ പ്രചരണം തുടങ്ങുന്നു

പ്പിനെ ഞങ്ങൾ സ്വീകരിച്ചു.

**ഇടത്-വലത് മുന്നണികളിലെ പല വ്യക്തികളുടെയും പിന്തുണ പലപ്പോഴും എൻഡോസൾഫാൻ സമരത്തിന് ലഭിച്ചിട്ടുണ്ടല്ലോ? ഡി.വൈ.എഫ്.ഐ നൽകിയ കേസിലാണല്ലോ എൻഡോസൾഫാൻ നിരോധനം പോലുമുണ്ടാകുന്നത്. അവരും അക്കാര്യങ്ങൾ കാമ്പയിനിൽ ഉൾപ്പെടുത്തില്ലേ?**

സമരത്തെ പല രാഷ്ട്രീയ വ്യക്തിത്വങ്ങളും പാർട്ടികളും സഹായിച്ചിട്ടുണ്ട് എന്നത് സത്യമാണ്. എന്നാൽ ഇടയ്ക്കുള്ള സഹായങ്ങളല്ല, സമരം ഏറ്റെടുക്കലാണ് എൻഡോസൾഫാൻ വിഷയം ആവശ്യപ്പെടുന്നത്. എന്നാൽ

> ഞാൻ മരിച്ചാൽ മകളെ എന്തുചെയ്യും എന്ന, 30 വർഷമായി തളർന്നുകിടക്കുന്ന ശീലാവതിയുടെ അമ്മയുടെ ചോദ്യത്തിന് മറുപടി നൽകാൻ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾക്കൊന്നും കഴിഞ്ഞിട്ടില്ല

സമരം ഏറ്റെടുക്കാൻ ഈ രാഷ്ട്രീയ കക്ഷികൾ തയ്യാറാകില്ല. എൻഡോസൾഫാൻ നിരോധനത്തോടെ തങ്ങളുടെ ദൗത്യം തീർന്നു എന്നതരത്തിലാണ് ഡി.വൈ.എഫ്.ഐ പെരുമാറിയത്. ജില്ലയിലെ ഒരു എം.എൽ.എ ഒഴികെയുള്ള എല്ലാ എം.എൽ.എമാരും സർക്കാർ എല്ലാം ചെയ്തിട്ടുണ്ട് എന്ന നിസ്സംഗതയിൽ തന്നെ തുടരുകയാണ്. പ്രശ്നത്തിന്റെ ആഴം വ്യക്തമായി മനസ്സിലാക്കാൻ അവരാരും തയ്യാറായിട്ടില്ല. ജില്ലയിൽ എൻഡോസൾഫാൻ നിരോധിച്ചിട്ട് 12 വർഷങ്ങൾ കഴിഞ്ഞിട്ടും രോഗികകളായ കുട്ടികൾ ഇന്നും ജനിച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തമായ ഒരു മറുപടി ഇക്കാര്യത്തിൽ ജനപ്രതിനിധികൾക്ക് പറയാനില്ല. ഞാൻ മരിച്ചാൽ മകളെ എന്തുചെയ്യും എന്ന, 30 വർഷമായി തളർന്നുകിടക്കുന്ന ശീലാവതിയുടെ അമ്മയുടെ ചോദ്യത്തിന് മറുപടി നൽകാൻ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾക്കൊന്നും കഴിഞ്ഞിട്ടില്ല. ഇരകളുടെ പുനരധിവാസം എന്ന വിഷയത്തിലേക്കാണ് ഈ ചോദ്യം ചെന്നെത്തുന്നത്. എന്നാൽ അതിനെക്കുറിച്ച് വേണ്ടത്ര ഗൗരവത്തോടെ ആലോചിക്കാൻ പോലും രാഷ്ട്രീയ നേതൃത്വങ്ങളും ജനപ്രതിനിധികളും തയ്യാറായിട്ടില്ല. ദുരിതബാധിതർ പ്രത്യക്ഷ സമരത്തിലേക്കെത്തുമ്പോൾ മാത്രം അവരെല്ലാം പിന്തുണകളായെത്തും. കൃഷി മന്ത്രി ചെയർമാനായി എൻഡോസൾഫാൻ വിക്ടിംസ് റെമഡിയേഷൻ സെൽ എന്ന ഒരു സമിതി ഇരകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. എം.പിയും ജില്ലയിലെ എല്ലാ എം.എൽ.എമാരും രാഷത്രീയപാർട്ടി നേതാക്കന്മാരും എല്ലാമടങ്ങിയ 60 പേരുടെ ഒരു സമിതിയാണത്. എൻഡോസൾഫാൻ ഒരു പ്രശ്നവുമുണ്ടാക്കിയിട്ടില്ല എന്ന് പറഞ്ഞ കോൺഗ്രസ് നേതാവ് വരെ ഇതിലുണ്ട്. എന്നിട്ടും ഞങ്ങൾക്ക് അതിൽ പ്രവേശനമില്ല. തീർത്തും നിർജ്ജീവമായ അവസ്ഥയിലാണ് ഈ സെൽ ഇന്നുള്ളത്. ഇതേ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ തീരുമാനപ്രകാരം നടന്ന കീടനാശിനി പ്രയോഗത്താൽ രോഗികളായി തീർന്നവരുടെ കാര്യത്തിൽ പുലർത്തുന്ന അനാസ്ഥയെ ചോദ്യംചെയ്യുക എന്നും സ്ഥാനാർത്ഥിത്വത്തിലൂടെ ഉദ്ദേശിച്ചിരുന്നു.

**എൻഡോസൾഫാൻ വിരുദ്ധ സമരത്തിൽത്തന്നെ പല ഗ്രൂപ്പുകളും പങ്കാളികളായിട്ടുണ്ടല്ലോ. സ്ഥാനാർത്ഥിത്വത്തോടുള്ള അവരുടെ നിലപാട് ?**

എൻഡോസൾഫാൻ വിരുദ്ധ സമിതിയാണ് ആദ്യകാലത്ത് സമരത്തിൽ സജീവമായി ഉണ്ടായിരുന്നത്. എന്നാൽ എൻഡോസൾഫാൻ നിരോധിച്ച ശേഷം അവർ പ്രത്യക്ഷ സമരത്തിലേക്ക് അധികം വന്നിട്ടില്ല. എം.എ. റഹ്മാൻ മാഷിന്റെ നേതൃത്വത്തിലുള്ള എൻവിസാജ് ആണ് മറ്റൊരു ഗ്രൂപ്പ്. ഇരകൾക്ക് ധനസഹായം നൽകുന്ന പ്രവർത്തനത്തിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ സർക്കാറിൽ നിന്നും ലഭ്യമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് ആരും മുൻകൈ എടുക്കാതെ വന്നപ്പോഴാണ് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി രൂപീകരിക്കപ്പെടുകയും സമരത്തിലേക്ക് എത്തുകയും ചെയ്യുന്നത്. മറ്റ് സമിതികൾ ഇരകളുടെ പുനരധിവാസം അടക്കമുള്ള വിഷയങ്ങളിൽ കുറച്ചുനാളുകളായി സജീവമായി ഇടപെടാറില്ല. അതിനാൽത്തന്നെ ഇലക്ഷനിലും അവരുടെ പ്രത്യേകമായ പിന്തുണയൊന്നുമുണ്ടായില്ല. എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയും എന്റെ വിജയത്തിനായി പ്രവർത്തിക്കണം എന്ന ഒരു സമീപനം തെരഞ്ഞെടുപ്പിൽ എടുത്തിട്ടില്ല. പല രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവർ പീഡിത ജനകീയ മുന്നണിയിൽ അംഗങ്ങളാണ്. ജനകീയ മുന്നണിയുടെ ചെയർമാൻ പോലും മുസ്ലീം യൂത്ത്ലീഗിന്റെ നേതാവാണ്. അതിനാൽത്തന്നെ ഒരു സ്ഥാനാർത്ഥിക്ക് മാത്രമായി പിന്തുണ നൽകുക എന്നത് അസാധ്യമായ കാര്യമാണ്. രാഷ്ട്രീയപാർട്ടികളിൽ അംഗങ്ങളല്ലാത്തവർ പിന്തുണച്ചു.

**ആം ആദ്മി പാർട്ടിയോടുള്ള ജനങ്ങളുടെ സമീപനം എന്തായിരുന്നു? പ്രത്യേകിച്ച് കാസർഗോഡിന്റെ ഉൾഗ്രാമങ്ങളിൽ. പാർട്ടി അവിടെ പരിചിതമാണോ?**

സി.പി.എമ്മിനും ബി.ജെ.പിക്കും ലീഗിനുമെല്ലാം പാർട്ടി ഗ്രാമങ്ങളുള്ള നാടാണ് കാസർഗോഡ്. എന്നാൽ അത്തരം പാർട്ടി ശക്തികേന്ദ്രങ്ങളിൽ പോലും വളരെ സൗഹാർദ്ദത്തോടെയുള്ള സ്വീകരണമാണ് എനിക്ക് ലഭിച്ചത്. ആം ആദ്മി പാർട്ടിയെക്കുറിച്ച് അവരെല്ലാം കേട്ടിട്ടുണ്ട്. ഞങ്ങളുടെ ചോരായതുകൊണ്ട് മാത്രമാണ് ഇന്നും പാർട്ടിക്കൊപ്പം നിൽക്കുന്നത് എന്നായിരുന്നു സി.ഐ.ടി.യുവിന്റെ ചുമട്ടുതൊഴിലാളികൾ പോലും ഞങ്ങളോട് പറഞ്ഞത്. വ്യവസ്ഥാപിത പാർട്ടികളോടുള്ള അത്തരം വിയോജിപ്പുകൾ നിരവധി കേൾക്കാൻ കഴിഞ്ഞു. വിഭവപരിമിതി കാരണം ഒരുപാട് ഗ്രാമങ്ങളിലൊന്നും പോയി പ്രചരണം നടത്താൻ കഴിഞ്ഞിട്ടില്ല. ടൗണുകളിലാണ് പ്രധാനമായും പ്രചരണം കേന്ദ്രീകരിച്ചിരുന്നത്. അവിടങ്ങളിലെല്ലാം ആം ആദ്മി പാർട്ടി ഏവർക്കും പരിചിതമായിരുന്നു. പ്രത്യേകിച്ച് യുവ വോട്ടർമാർക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചത്. സ്വന്തം മുൻകൈയിൽ ഞങ്ങളെ കോളേജിലേക്ക് കൂട്ടിക്കൊണ്ടുപോയി പ്രചരണം നടത്താൻ യുവാക്കൾ മുന്നോട്ട് വന്നു എന്നത് സന്തോഷിപ്പിക്കുന്ന കാര്യമാണ്.

**തെരഞ്ഞെടുപ്പ് കാലം കഴിഞ്ഞ് വീണ്ടും സമരത്തിലേക്ക് മടങ്ങുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് പരിഗണനയിലുള്ളത്?**

ദേശീയമനുഷ്യാവകാശകമ്മീഷൻ 2010 ഡിസംബർ 31ന് കേരളസർക്കാറിനു നൽകിയ ശുപാർശകളിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ, കിടപ്പിലായവർക്ക് 5 ലക്ഷം രൂപ, പരസഹായമില്ലാതെ നീങ്ങാൻ പറ്റാത്തവർക്ക് 5 ലക്ഷം രൂപ, മാനസികവെല്ലുവിളി നേരിടുന്നവർക്ക് 5 ലക്ഷം രൂപ, മറ്റ് രോഗികൾക്ക് 3 ലക്ഷം രൂപ എന്നിങ്ങനെ അടിയന്തരസഹായം നൽകാൻ ആവശ്യപ്പെട്ടിരുന്നു. നിലവിൽ 5500 പേരാണ് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ നിരന്തരസമരങ്ങളുടെ ഫലമായി 2046 പേർക്കാണ് ഒന്നരയും ഒന്നും ലക്ഷം രൂപ വീതം വിതരണം ചെയ്തത്. പ്രത്യേക മെഡിക്കൽ ക്യാമ്പിലൂടെ വിദഗ്ദ്ധഡോക്ടർമാർ പരിശോധിച്ച് 27 പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിൽ നിന്നുമായി ദുരിതബാധിതർ പട്ടികയിൽ വന്നപ്പോൾ, സഹായധനം നൽകുന്നത് 11 പഞ്ചായത്തുകളിലാക്കി ചുരുക്കി. 11 പഞ്ചായത്തിലുള്ളവർക്ക് ഭാഗികമായി ലഭിക്കുന്ന ആശ്വാസനടപടികൾ പോലും പ്ലാന്റേഷൻ കോർപറേഷന്റെ തോട്ടത്തിന്റെ സമീപപ്രദേശങ്ങളിലുള്ള മറ്റു പഞ്ചായത്തുകളിലെ രോഗികൾക്കും ദുരിതബാധിതർക്കും ലഭിക്കുന്നില്ല. 2013 ഓഗസ്റ്റ് 21 മുതൽ 25 വരെ നടന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത രോഗികളുടെ പട്ടിക പ്രസിദ്ധീകരിക്കാനോ ചികിത്സാസഹായം പോലും നൽകുവാനോ സർക്കാർ തയ്യാറായിട്ടില്ല. അങ്ങനെ പറഞ്ഞാൽത്തീരാത്ത അനീതികൾ തുടരുകയാണ്. സമരം തുടരുക എന്നത് മാത്രമാണ് ഞങ്ങളുടെ മുന്നിലെ പോംവഴി. ■